ഉത്തരം

(എ) ഇല്ല.

(ബി) ഇതുവരെയും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പുതിയ പാലങ്ങൾ

53 [90] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-80 സാമ്പത്തിക വർഷത്തിൽ പുതുതായി എത്ര പാലങ്ങൾ പണിയുവാൻ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്;

(ബി) കണ്ണൂർ ഡിസ്ട്രിക്റ്റിൽ തേർത്തല്ലി എന്ന സ്ഥലത്ത് ഒരു പാലം പണിയുന്നതിന് തദ്ദേശവാസികൾ ഗവൺമെൻറിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ:

(സി) ഉണ്ടെങ്കിൽ ആ പാലത്തിൻെറ പണി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ഈ പണിയുടെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുന്നത് പൂർത്തിയായശേഷമേ മേൽനടപടികൾ സ്വീകരിക്കുവാനാകു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

അടിയന്തിര പ്രമേയം

പാലക്കാട്, കണ്ണാടി പഞ്ചായത്തിൽ നിലവിലിരിക്കുന്ന ഗുരുതരാവസ്ഥ

മി. സ്പീക്കർ: പാലക്കാട് ജില്ലയിലെ കണ്ണാടി പഞ്ചായത്തിലെ തിരഞ്ഞെടുപ്പു ഫലപ്രഖ്യാപനത്തെത്തുടർന്ന് നടത്തിയ ഘോഷയാത്രയിൽ പങ്കെടുത്തവരുടെമേൽ ഒരു സംഘം ആളുകൾ നടത്തിയ വെടിവയ്പിൻെറ ഫലമായി എട്ടുപേർക്ക് പരിക്കേറ്റ സംഭവത്തെത്തുടർന്ന് അവിടെ നിലവിലിരിക്കുന്നതായി പറയുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാനടപടികൾ നിറുത്തിവക്കണമെന്ന് ശ്രീ. എം. കെ. കൃഷ്ണൻ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

9-30 a.m.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, പഞ്ചായത്തു തിരഞ്ഞെടുപ്പിൽ പാലക്കാട് ജില്ലയിലെ കണ്ണാടി പഞ്ചായത്തിലുള്ള ആറാം വാർഡിൽനിന്ന് മാർക്സിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി വിജയിക്കുകയുണ്ടായി. അതേത്തുടർന്ന് ഒരു വിജയഘോഷയാത്രക്കെതിരായി പരാജയ

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട ഒരു സ്ഥാനാർത്ഥി മി. ജയാബോസിന്റെ ഒരു കോലവുമായി പോയപ്പോഴാണ് ഈ പരാജയപ്പെട്ട സ്ഥാനാർത്ഥിയുടെ വീടിന്റെ, മുമ്പിലെത്തിയ സമയത്ത് അദ്ദേഹത്തിന്റെ സഹോദരൻ ''സുന്ദരൻ'' ഈ ജാഥയുടെ നേരെ വെടിവയ്ക്കുകയുണ്ടായി. അങ്ങനെ വെടിവച്ചതിന്റെ ഫലമായി ഏഴുപേർക്കു പരിക്കു പറ്റിയിട്ടുണ്ട്. ഇതേത്തുടർന്നു പാലക്കാട് ടൗൺ പോലീസ് സത്വരമായ നടപടികളും സ്വീകരിക്കുകയും സുന്ദരത്തെ അറസ്റ്റ് ചെയ്യുകയും കേസ് എടുക്കുകയും ചെയ്തിട്ടുണ്ട്. പരിക്കുപറ്റിയ 7 ആളുകളേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഈ സംഭവം നടന്നത് 20-ാം തീയതി വൈകിട്ടാണ്. അതിൽ അഞ്ചുപേരുടെ പരിക്ക് നിസാരമായതിനാൽ ആശുപത്രിയിൽ ചികിൽസ കഴിഞ്ഞ് ഡിസ്ചാർജ് ചെയ്തിട്ടുമുണ്ട്. രണ്ടുപേർ ഇപ്പോഴും ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയാണ്. ഈ സ്വതന്ത്ര സ്ഥാനാർത്ഥിയെ പലരും പിൻതാങ്ങിയിരുന്നു. അടിയന്തിരപ്രമേയത്തിൽ ശ്രീ. എം. കെ. കൃഷ്ണൻ സൂചിപ്പിക്കുന്നത് ഇന്ദിരാകോൺഗ്രസുകാർ വെടിവയ്പു നടത്തിയെന്നാണ്. സർ, എനിക്കു 21-ാം തീയതി കിട്ടിയ ഒരു പോലീസ് റിപ്പോർട്ടാണ് എന്റെ കൈയിൽ ഉള്ളത്. ഞാൻ ഇന്ന് അതു വീണ്ടും വെരിഫൈ ചെയ്തു അന്നു അവർ പറഞ്ഞിരുന്നത് ഇൻറിപെൻറൻറ്, കോൺഗ്രസ് സപ്പോർട്ടു എന്നായിരുന്നു. ഇന്നു ഞാൻ ചോദിച്ചപ്പോഴാ പറഞ്ഞത് കോൺഗ്രസ് തുടങ്ങിയ പല പാർട്ടികളും സപ്പോർട്ടു ചെയ്തിരുന്ന ഇൻറിപെൻറൻറ് ആണെന്നാണ്. ഇൻറിപെൻഡന്റ് സ്ഥാനാർത്ഥി എന്നുള്ള നിലയിലാണ് പോലീസ് റിപ്പോർട്ട്. ഈ സംഭവത്തെത്തുടർന്ന് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകന്മാർ ഇതിനെ പ്രതിഷേധിച്ച് കിനാശ്ശേരി എന്ന സ്ഥലത്ത് ഒരു പ്രകടനം നടത്തുകയുണ്ടായി. ആ സമയത്ത് കേശവൻ, കൃഷ്ണൻ, ചന്ദ്രൻ എന്നു പറയുന്ന മൂന്നു കോൺഗ്രസ് 'ഐ' പ്രവർത്തകന്മാർ വഴിയിൽ ഉണ്ടായിരുന്നു. അവരോടു ജാഥയിൽ ചേരാൻ നിർബന്ധിക്കുകയും അവർ അതിനു തയ്യാറാകാതിരിക്കുകയും ചെയ്തതിനെത്തുടർന്ന് അവരെ കൈയേറ്റം ചെയ്തതായും അതിനെത്തുടർന്ന് അവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായും ഒരു പരാതിയുണ്ടായിട്ടുണ്ട്. ആ കാര്യത്തിലും ടൗൺ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്രയും സംഭവങ്ങളാണ് ഉണ്ടായതായി റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. ഈ സംഭവങ്ങൾ ഉണ്ടായതിനെത്തുടർന്ന് ടൗൺ പോലീസ് കർശനമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ അനിഷ്ട സംഭവങ്ങളൊന്നും പിന്നീട് ഉണ്ടായിട്ടില്ല. ഇപ്പോഴും കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയുണ്ട് എന്നല്ല എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഏതായാലും വളരെ ജാഗ്രതയോടുകൂടി കൂടുതൽ അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടാകാതിരിക്കാൻ ഗവൺമെൻറ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതൊരു അടിയന്തിര പ്രമേയമായി സഭ നിറുത്തിവച്ചു ചർച്ച ചെയ്യണമെന്ന അഭിപ്രായം ഗവൺമെൻറിനില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, മുഖ്യമന്ത്രി പറയുന്നകാര്യം പൂർണ്ണമായും ശരിയല്ല. ഒന്ന് ഈ കണ്ണാടി പഞ്ചായത്തിലെ ആറാം വാർഡിൽ മാർക്സിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി ജയിച്ചു. അതുകൊണ്ട് ഉണ്ടായ ഒരു സ്ഥിതിയാണ് എന്നു പറയുകയുണ്ടായി. പാലക്കാട് ടൗണിനു തൊട്ടു കിടക്കുന്ന കണ്ണാടി പഞ്ചായത്തിൽ എട്ടു വാർഡുകളും ഉള്ളതിൽ എട്ടിലും ജയിച്ചവർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ചിഹ്നത്തിൽ മൽസരിച്ച ആളുകളാണ്; മറ്റു പാർട്ടിക്കാർ എല്ലാം ഒന്നിച്ചു കൂട്ടുകെട്ടുകളായാണ് മൽസരിച്ചതെങ്കിലും ആ കൂട്ടുകെട്ടുകളെയെല്ലാം പരാജയപ്പെടുത്തിക്കൊണ്ട് എട്ടു വാർഡിലും ജയിച്ചവർ. പാർട്ടി ചിഹ്നത്തിൽ മൽസരിച്ച മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതിന്റെ ഫലമായി പ്രകടനം നടത്തിയ ആളുകൾക്കുനേരെ ആക്രമണമുണ്ടായി—കോലം കൊണ്ടുപോയി എന്നു പറയുന്നു. അതു ശരിയല്ലെന്നാണ് എന്റെ അറിവ്. അഥവാ കോലം കൊണ്ടുപോയാൽ തന്നെ എന്താണ്? പബ്ലിക് റോഡിൽകൂടി പോകാൻ എല്ലാവർക്കും അവകാശമുണ്ട്. പബ്ലിക് റോഡിൽകൂടി കോലം കൊണ്ടുപോകാൻ പാടില്ല എന്ന് ആരു പറയുന്നു? ആ ജാഥക്കുനേരെ വെടിവച്ചതിന്റെ ഫലമായി എട്ടു പേർക്കാണ് പരിക്കു പറ്റിയത്. എട്ടുപേരെയും പോലീസ് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ മുഖ്യമന്ത്രി പറഞ്ഞത് ഏഴുപേരെന്നാണ്. ഏതായാലും രണ്ടുപേർ ഇപ്പോഴും ആശുപത്രിയിൽ ചികിൽസയിൽ ആണെന്നു മുഖ്യമന്ത്രിതന്നെ പറയുന്നു.

പാലക്കാട് പല ആളുകളുടേയും കൈയിൽ കള്ളത്തോക്കുള്ള സ്ഥലമാണ്. സർ, കണ്ണാടിയിൽത്തന്നെ ഇതിനുമുൻപും ആളുകളുടെ നേരെ വെടിവയ്പു നടന്നിട്ടുണ്ട്. അതുപോലെ വിജയം ആഘോഷിച്ച ആളുകളുടെനേരെ തോക്കെടുത്തു വെടിവച്ചു. എട്ടു ആളുകൾക്കു പരിക്കുപറ്റി. അതിന്റെ ഫലമായി ആ പ്രദേശത്ത് ഇപ്പോഴും ഗുരുതരാവസ്ഥയാണ്. ആ ഗുരുതരാവസ്ഥ ഈ കേസ് എടുത്തതുകൊണ്ട് മാറിയിട്ടില്ല. ആ കേസ് എടുത്ത് കാര്യമായ നടപടികളും സ്വീകരിക്കാത്തതിന്റെ ഫലമായി വീണ്ടും അവിടെ കുഴപ്പങ്ങൾ ഉണ്ടാകാൻ ഇടയുണ്ട് എന്നാണ് എനിക്കു അറിയാൻ സാധിച്ചത്. അതുകൊണ്ട് ഇതു വളരെ ഗുരുതരമായ ഒരു സ്ഥിതിയാണ്. ആ സ്ഥിതിക്ക് പരിഹാരം കണ്ടേ മതിയാകൂ. അതുകൊണ്ട് ഇത് ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. വാസുദേവൻനായർ: സർ, എനിക്ക് പ്രത്യേകിച്ച് കൂടുതലായൊന്നും പറയാനില്ല. എനിക്ക് കിട്ടിയ റിപ്പോർട്ട് അനുസരിച്ച് ഏഴുപേർക്കാണ് പരിക്ക് പറ്റിയത്. സർ, ലൈസൻസില്ലാതെ തോക്ക് ഇങ്ങനെ കൈവശം വച്ചുകൊണ്ടിരിക്കുന്നത് ഗുരുതരമായ ഒരു പ്രശ്നമാണ്. ആ തോക്ക് പിടിച്ചെടുത്തിട്ടുണ്ട്, അയാളെ അറസ്റ്റും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പ്രത്യേകിച്ച് കുഴപ്പമൊന്നും ഇല്ല. അതുകൊണ്ട് ഇതൊരു അടിയന്തിര പ്രമേയമായിട്ടെടുത്ത് ചർച്ച ചെയ്യണമെന്ന് എനിക്കു തോന്നുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉള്ള കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. അതിനുള്ള സത്വരനടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ അവിടെ ഒരു സംഘർഷാവസ്ഥ ഇല്ല എന്നു വ്യക്തമാക്കുകയുണ്ടായി. എങ്കിൽത്തന്നെ വളരെക്കൂടുതൽ ശ്രദ്ധ ഇതിൽ പതിപ്പിച്ചിട്ടുണ്ട് എന്നുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അനുമതി ഞാൻ നിഷേധിക്കുകയാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ഞാൻ അടിയന്തിര പ്രമേയത്തിന്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തിരപ്രമേയം കൊണ്ട് എന്താണ് ഉദ്ദേശിച്ചിട്ടുള്ളത്; അതിന്റെ നിയമം എന്താണ് അനുശാസിക്കുന്നത് എന്നൊന്നു മനസ്സിലാക്കിയാൽ കൊള്ളാം എന്ന അഭിപ്രായം ഉണ്ട്. ഓരോരുത്തർക്കും ഓരോ സ്ഥലത്തുമുള്ള സംഭവങ്ങൾ വിശദീകരിക്കുന്നതിനുള്ള ഒരു സന്ദർഭമല്ല അടിയന്തിരപ്രമേയം എന്നു മനസ്സിലാക്കണമെന്ന് ഞാൻ വളരെ വിനീതപൂർവ്വം അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly